**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1277** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡിനും പ്രകൃതി ദുരന്തങ്ങൾക്കും ശേഷം വിനോദസഞ്ചാര മേഖലയെ സുസജ്ജമാക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഈ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കോവിഡ് മഹാമാരിയുടെ ആദ്യസമയത്ത് സമ്പൂർണ്ണ ലോക്ക് ഡൗൺ നടപ്പിൽ വരികയും വിനോദസഞ്ചാരം പരിപൂർണ്ണമായി നിലയ്ക്കുകയും ചെയ്തിരുന്ന സന്ദർഭത്തിൽ, ടൂറിസത്തിലൂടെ വരുമാന ലഭ്യത ഉണ്ടായിരുന്ന സാധാരണക്കാരായ ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെ പ്രവർത്തന നിരതരാക്കിക്കൊണ്ട്, അവരുടെ ആത്മവിശ്വാസം നിലനിർത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിയ വർക്ക് അറ്റ് ഹോം വീഡിയോകൾ, സ്റ്റോറി ടെല്ലിംഗ് ഓഡിയോകൾ എന്നീ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് 2020- ലെ വേൾഡ് ട്രാവൽ മാർക്കറ്റ്- ഗ്ലോബൽ റെസ്പോൺസിബിൾ ടൂറിസം അവാർഡിൽ (WTM GLOBAL RESPONSIBLE TOURISM AWARDS 2020) മീനിംഗ് ഫുൾ കണക്ഷൻസ് എന്ന വിഭാഗത്തിൽ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷന് ഹൈലി കമന്റഡ് അവാർഡ് ലഭിച്ചു.<br><br>കേരളത്തിലെ കാർഷിക മേഖലയെയും കർഷകരേയും ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനായി ഈ കാലയളവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച പ്രധാന പ്രവർത്തനമാണ് കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്. ഈ പദ്ധതിയുടെ ഭാഗമാകുവാൻ താല്പ്പര്യമുള്ളവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും 952 പേർ 2 ഘട്ടങ്ങളിലായി പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 452 അപേക്ഷകർ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സന്നദ്ധത അറിയിക്കുകയും, 400 ൽ അധികം |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ വിവിധ ജില്ലകളിലായി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2022 മാർച്ച് വരെ ഉള്ള സ്ഥിതി വിവര കണക്കുകൾ പ്രകാരം 2021 മാർച്ച് വരെ ഉള്ള സഞ്ചാരികളുടെ വരവുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 72.48 ശതമാനവും വിദേശവിനോദസഞ്ചാരികളുടെ എണ്ണത്തിൽ 200.55 ശതമാനവും വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 38-ലക്ഷം ആഭ്യന്തര സഞ്ചാരികളെ ഈ കാലയളവിൽ ആകർഷിക്കാൻ കഴിഞ്ഞു. എറണാകുളം ജില്ലയാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഒന്നാമത്. മുൻവർഷത്തെ അപേക്ഷിച്ച് 16 ലക്ഷം സഞ്ചാരികളാണ് ഈ വർഷത്തെ ആദ്യപാദത്തിൽ വർദ്ധിച്ചത്. 43547 വിദേശ വിനോദസഞ്ചാരികളാണ് ഈ കാലയളവിൽ സംസ്ഥാനത്ത് എത്തിയത്.<br><br>കഴിഞ്ഞ ഏതാനും മാസങ്ങളായി നടത്തിവരുന്ന 360 ഡിഗ്രി പ്രചാരണത്തിന്റെ പ്രതിഫലനമാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നാണ് കരുതുന്നത്. വരുമാനത്തിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഏറെ മുന്നോട്ട് പോകാൻ ഈ കാലയളവിൽ കഴിഞ്ഞു.<br><br>കേരള സംസ്ഥാനം രൂപീകൃതമായതിന് ശേഷമുള്ള ഏറ്റവും ഉയർന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവാണ് 2022 ആദ്യപാദത്തിൽ പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിനോദ സഞ്ചാര മേഖലയിൽ ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാമാണെന്നും ആയത് ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയതിലൂടെയാണ് നേടാൻ സാധിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിയ വിവിധ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവർഡ് 2021 ൽ കേരളം ബെസ്റ്റ് ഫ്യൂച്ചർ ഫോർവേഡ് സ്റ്റേറ്റ് വിഭാഗത്തിൽ ഗോൾഡ് അവാർഡ് കരസ്ഥമാക്കി.<br><br>മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതിയിലൂടെ അയ്മനം പഞ്ചായത്തിൽ പ്രാദേശിക പങ്കാളിത്തത്തോടെ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിയ വിവിധ പ്രവർത്തനങ്ങളിലൂടെ 2020 സെപ്റ്റംബർ മാസം, അയ്മനത്തെ കേരളത്തിലെ ആദ്യത്തെ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം ആയി കേരള സർക്കാർ പ്രഖ്യാപിച്ചു. തുടർന്ന് അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് 2021 ലെ വേൾഡ് ട്രാവൽ മാർക്കറ്റ്- ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡിൽ (WTM |

| | | | |
|---|---|---|---|
| | | | INDIAN RESPONSIBLE TOURISM AWARDS 2021) വൺ ടു വാച്ച് വിഭാഗത്തിൽ അവാർഡ് ലഭിച്ചു.<br><br>സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ ടൂറിസം ഉൽപന്നങ്ങൾ, ടൂറിസം പ്രാക്ടീസുകൾ, ടൂറിസം എക്സ്പീരിയൻസുകൾ എന്നിവ വികസിപ്പിക്കുന്ന കമ്പനികൾ, വ്യക്തികൾ, ടൂറിസം കേന്ദ്രങ്ങൾ, ഓർഗനൈസേഷനുകൾ എന്നിവയെ തിരിച്ചറിയുകയും ആദരിക്കുകയും ചെയ്യുന്നതിനായി അന്താരാഷ്ട്ര ട്രാവൽ പ്രസിദ്ധീകരണമായ ട്രാവൽ + ലീഷർ ഏർപ്പെടുത്തിയ 'ട്രാവൽ + ലീഷർ ഗ്ലോബൽ വിഷൻ അവാർഡ് 2022' ൽ, കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷൻ കരസ്ഥമാക്കി. |
| (സി) | പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോകോത്തര നിലവാരത്തിൽ എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോക നിലവാരത്തിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചു വരുന്നു. അതിൽ പ്രധാനമായും വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ "കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് ബ്ലോക്ക്" എന്ന പേരിൽ ടോയ്‌ലറ്റ് സൗകര്യം ഒരുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയ് ലെറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കിറ്റ്കോ യാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി.<br><br>ഈ പദ്ധതി വഴി വർക്കല ബീച്ച്, ശംഖുമുഖം ബീച്ച്, കൊല്ലം ബീച്ച്, ആലപ്പുഴ ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, ഫോർട്ട് കൊച്ചി, മലമ്പുഴ ഡാം, കോഴിക്കോട് ഭട്ട് റോഡ് പാർക്ക്, പൂക്കോട്, കാരാപ്പുഴ, പയ്യാമ്പലം ബീച്ച്, ബേക്കൽ എന്നീ 12 കേന്ദ്രങ്ങളിൽ ടോയ്-ലെറ്റുകൾ സ്ഥാപിക്കുന്നതിനായി 17.76 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ ബേക്കൽ, പൂക്കോട്, കാരാപ്പുഴ, കോഴിക്കോട് ഭട്ട്റോഡ്, വർക്കല എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു.<br><br>ഇതിനു പുറമേ സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള ആവാസ വ്യവസ്ഥ പ്രദാനം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുന്ന ടൂറിസം ഹബ്ബുകൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നത് പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ